പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1402 | 03-12-2018 ൽ മറുപടിക്ക്

## സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ വി. കെ. സി. മമ്മത് കോയ<br>ശ്രീ.പി. ഉണ്ണി<br>ശ്രീമതി യു. പ്രതിഭ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂ സംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 എന്നിവ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; | (ബി) 10.09.2018-ലെ സ.ഉ (സാധാ) നം. 3778/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. (അനുബന്ധം - 1) 26.11.2018 ലെ സ.ഉ (സാധാ) 4903/2018/റവ നമ്പർ ഉത്തരവ് പ്രകാരം ടി മോണിട്ടറിംഗ് സെല്ലിന് അധിക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (അനുബന്ധം - 2) |
| (സി) എങ്കിൽ എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് ഇത് സംബന്ധിച്ച് പ്രസ്തുത മോണിറ്ററിംഗ് സെല്ലിന് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) 10.09.2018 ലെ സ.ഉ (സാധാ) 3778/2018/റവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച സെല്ലിന്റെ അധികാരങ്ങളും ചുമതലകളും അനുബന്ധം - 3 ആയും തുടർന്ന് 26.11 .2018 ലെ സ.ഉ (സാധാ) 4903/2018/റവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുബന്ധം - 4 ആയും ചേർത്തിരിക്കുന്നു. |
| (ഡി) ഇത്തരം ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികളും ആക്ഷേപങ്ങളും കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിയ്ക്കാമോ? | (ഡി) ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികളും ആക്ഷേപങ്ങളും കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂ സംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 എന്നിവ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - സർക്കാർ ഭൂമി കൈയേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റു ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (സാധാ) നം. **3778**/2018/റവ തീയതി, തിരുവനന്തപുരം 10/09/2018

**ഉത്തരവ്**

സർക്കാർ ഭൂമി കൈയ്യേറ്റം വ്യാപകമായി നടക്കുന്നുണ്ടെന്നും കൈയ്യേറ്റത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്നും പത്ര, ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തുവരുന്ന ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ ഭൂമി കൈയ്യേറുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള ഭൂസംരക്ഷണ ആക്റ്റിൽ ഉണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സമയോചിതമായി നടപടികൾ എടുക്കാത്തത് കാരണം ഉണ്ടാകുന്ന സ്റ്റേ ഉത്തരവുകളും ബഹു. കോടതികളിൽ നിന്നുണ്ടാകുന്ന ഇടക്കാല ഉത്തരവുകളും കോടതി വിധികളും കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

2) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഭൂമി കൈയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുക്കൊണ്ട് ഉത്തരവാകുന്നു.

3) മേല്പറഞ്ഞ രീതിയിൽ രൂപീകരിക്കുന്ന സെല്ലിനു താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

1) സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തൽക്ഷണം ജില്ലാ കളക്ടർമാരിൽ നിന്നോ ബന്ധപ്പെട്ട തഹസിൽദാർമാരിൽ നിന്നോ റിപ്പോർട്ട് നേടണം.
2) സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ സമയോചിതമായും കാര്യക്ഷമതയോടേയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി, ഒഴിപ്പിക്കൽ നടപടികൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്നു ഉറപ്പാക്കണം.
3) മീഡിയായിലും മറ്റ് മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്തുവരുന്ന കൈയ്യേറ്റ കേസ്സുകളും പ്രധാനപ്പെട്ട കൈയ്യേറ്റങ്ങളും സ്ഥല പരിശോധന നടത്തി കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും ഒഴിപ്പിച്ചെടുക്കുന്നതിനും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

4) അധികാര സ്ഥാപനങ്ങളുടെ സ്റ്റേ ഉത്തരവുകൾ ഉണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5) കോടതിയിൽ നിലനില്ക്കുന്ന കേസുകളിൽ സർക്കാരിന്റെ ഭാഗം വാദിക്കുന്നതിനും സ്റ്റേറ്റ്മെന്റുകൾ/കൗണ്ടർ അഫിഡവിറ്റുകൾ എന്നിവ ഫയൽ ചെയ്യുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

6) സബ് കളക്ടർമാരുടേയും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ അവരവരുടെ അധികാര പരിധിക്കുള്ളിലുള്ള സർക്കാർ ഭൂമികളും ഇടവഴികളും പുറമ്പോക്കുകളും കയ്യേറി വച്ചിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുന്നതിനു ഒരു 'സ്പെഷ്യൽ ഡ്രൈവ് നടത്തി ഒഴിപ്പിക്കുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ജില്ലാ കളക്ടർമാർ ഇപ്രകാരമുള്ള കൈയ്യേറ്റ കേസുകൾ നിരീക്ഷിക്കുകയും കോടതി ഇടപെടലുകൾ കാരണം ഒഴിപ്പിക്കൽ നടപടികൾ നടത്തുവാൻ കഴിയാതിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് വിവരങ്ങൾ 'മോണിറ്ററിംഗ് സെല്ലിന് സമയാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം 2

**കേരള സർക്കാർ**

**സംഗ്രഹം**

സർക്കാർ ഭൂമി കൈയ്യേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി രൂപീകരിച്ച മോണിറ്ററിങ് സെല്ലിന് അധിക നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**റവന്യൂ (യു) വകുപ്പ്**

**സ.ഉ.(സാധാ) നം.4903/2018/റവ. തീയതി,തിരുവനന്തപുരം, 26/11/2018**

---

**പരാമർശം:-** 10.09.2018 ലെ സ.ഉ (സാധാ) നം. 3778/2018/റവ ഉത്തരവ്

**ഉത്തരവ്**

സർക്കാർ ഭൂമി കൈയ്യേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു ജോയിന്റ് കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചു കൊണ്ട് 10.09.2018 ലെ സ.ഉ (സാധാ) നം. 3778/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ നിർദേശിച്ചിരുന്നവയ്ക്കു പുറമെ അധിക വ്യവസ്ഥകൾ നിർദേശിക്കുന്നു.

കമ്മീഷണറേറ്റിൽ രൂപീകരിച്ച സെല്ലിലും സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലും താലൂക്ക ഓഫീസുകളിലും കളക്ടറേറ്റിലും അതത് ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഭൂമിയും സർക്കാർ ഇടവഴികളും പുറംപോക്ക ഭൂമിയും കൈയ്യേറി വച്ചിരിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ (കയ്യേറ്റം കണ്ടെത്തിയത് സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചും ഭൂമിയുടെ വിസ്തീർണ്ണം, സ്വഭാവം, ലൊക്കേഷൻ എന്നിവ സംബന്ധിച്ചു സ്വീകരിച്ച നടപടി സംബന്ധിച്ചും ഉള്ള വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം) ഉൾപ്പെടുത്തികൊണ്ടുള്ള രജിസ്റ്ററുകൾ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. 6 മാസത്തിൽ കൂടുതൽ സമയം നടപടികൾ സ്വീകരിക്കാതിരിക്കുന്ന കേസുകളെ സംബന്ധിച്ച് അപ്രകാരം നടപടികൾ സ്വീകരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ട വിശദാംശങ്ങൾ എല്ലാം ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സ്പെഷ്യൽ റിപ്പോർട്ട് സെല്ലിലേക്ക് നേരിട്ട് അയക്കേണ്ടതാണ്. അപ്രകാരം അയക്കാതിരിക്കുന്ന സംഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കുന്നതാണ്. കോടതി കേസുകൾ നിലവിലുള്ള കയ്യേറ്റം സംബന്ധിച്ച് അതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സെല്ലിലേക്കും മേലാധികാരികൾക്കും നൽകേണ്ടതാണ്.

കയ്യേറ്റ കേസുകളിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനോടൊപ്പം തന്നെ

സർക്കാർ ഭൂമി കയ്യേറി വച്ചിരിക്കുന്നത് സംബന്ധിച്ച വിവരം കേരള ഭൂസംരക്ഷണ ആക്റ്റിലെ 7എ വകുപ്പ പ്രകാരമുള്ള കുറ്റം ചുമത്തി കേസ്സ് എടുക്കുന്നതിനഭ്യർത്ഥിച്ചു കൊണ്ട് ബന്ധപ്പെട്ട പോലീസു സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരം follow up ചെയ്ത് കേസ്സ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അതു സംബന്ധിച്ച വിവരം മേലധികാരികളെയും സെല്ലിനെയും അറിയിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ സെൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാരിന്റെ ഇടപെടൽ ആവശ്യമായി വരുന്ന കേസുകളുണ്ടെങ്കിൽ അക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയിൽ സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കും ഭൂരഹിതരായവർക്ക് പതിച്ചു നൽകുന്നതിനും വേണ്ടി ഉപയോഗയുക്തമാക്കാൻ കഴിയുന്ന ഭൂമി അപ്രകാരം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യന്
അഡീഷണല് ചീഫ് സെക്രട്ടറി

പകർപ്പ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

✓ റവന്യൂയിലെ എല്ലാ വകുപ്പുകളും

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

(signature)
സെക്ഷൻ ഓഫീസർ

## അനുബന്ധം - III

1) സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തൽക്ഷണം ജില്ലാ കളക്ടർമാരിൽ നിന്നോ ബന്ധപ്പെട്ട തഹസിൽദാർമാരിൽ നിന്നോ റിപ്പോർട്ട് നേടണം.

2) സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ സമയോചിതമായും കാര്യക്ഷമതയോടേയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി, ഒഴിപ്പിക്കൽ നടപടികൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്നു ഉറപ്പാക്കണം.

3) മീഡിയായിലും മറ്റ് മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യുവരുന്ന കൈയ്യേറ്റ കേസ്സുകളും പ്രധാനപ്പെട്ട കൈയ്യേറ്റങ്ങളും സ്ഥല പരിശോധന നടത്തി കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും ഒഴിപ്പിച്ചെടുക്കുന്നതിനും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

4) അധികാര സ്ഥാപനങ്ങളുടെ സ്റ്റേ ഉത്തരവുകൾ ഉണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5) കോടതിയിൽ നിലനില്ക്കുന്ന കേസുകളിൽ സർക്കാരിന്റെ ഭാഗം വാദിക്കുന്നതിനും സ്റ്റേറ്റ്മെന്റുകൾ/കൗണ്ടർ അഫിഡവിറ്റുകൾ എന്നിവ ഫയൽ ചെയ്യുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

6) സബ് കളക്ടർമാരുടേയും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ അവരവരുടെ അധികാര പരിധിക്കുള്ളിലുള്ള സർക്കാർ ഭൂമികളും ഇടവഴികളും പുറമ്പോക്കുകളും കയ്യേറി വച്ചിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുന്നതിനു ഒരു 'സ്പെഷ്യൽ ഡ്രൈവ് നടത്തി ഒഴിപ്പിക്കുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ജില്ലാ കളക്ടർമാർ ഇപ്രകാരമുള്ള കൈയ്യേറ്റ കേസുകൾ നിരീക്ഷിക്കുകയും കോടതി ഇടപെടലുകൾ കാരണം ഒഴിപ്പിക്കൽ നടപടികൾ നടത്തുവാൻ കഴിയാതിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് വിവരങ്ങൾ 'മോണിറ്ററിംഗ് സെല്ലിന് സമയാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം -IV

കമ്മീഷണറേറ്റിൽ രൂപീകരിച്ച സെല്ലിലും സംസ്ഥാനത്തെ വില്ലേജ് ഓഫീസുകലിലും താലൂക്ക ഓഫീസുകളിലും കളക്ടറേറ്റിലും അതത് ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഭൂമിയും സർക്കാർ ഇടവഴികളും പുറംപോക്ക ഭൂമിയും കൈയ്യേറി വച്ചിരിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ (കയ്യേറ്റം കണ്ടെത്തിയത് സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചും ഭൂമിയുടെ വിസ്തീർണ്ണം, സ്വഭാവം, ലൊക്കേഷൻ എന്നിവ സംബന്ധിച്ച സ്വീകരിച്ച നടപടി സംബന്ധിച്ചും ഉള്ള വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം) ഉൾപ്പെടുത്തികൊണ്ടുള്ള രജിസ്റ്ററുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 6 മാസത്തിൽ കൂടുതൽ സമയം നടപടികൾ സ്വീകരിക്കാതിരിക്കുന്ന കേസുകളെ സംബന്ധിച്ച് അപ്രകാരം നടപടികൾ സ്വീകരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ട വിശദാംശങ്ങൾ എല്ലാം ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സ്പെഷ്യൽ റിപ്പോർട്ട് സെല്ലിലേക്ക് നേരിട്ട് അയക്കേണ്ടതാണ്. അപ്രകാരം അയക്കാതിരിക്കുന്ന സംഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കുന്നതാണ്. കോടതി കേസുകൾ നിലവിലുള്ള കയ്യേറ്റം സംബന്ധിച്ച് അതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സെല്ലിലേക്കും മേലാധികാരികൾക്കും നൽകേണ്ടതാണ്.

കയ്യേറ്റ കേസുകളിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനോടൊപ്പം തന്നെ സർക്കാർ ഭൂമി കയ്യേറി വച്ചിരിക്കുന്നത് സംബന്ധിച്ച വിവരം കേരള ഭൂസംരക്ഷണ ആക്റ്റിലെ 7 എ വകുപ്പ പ്രകാരമുള്ള കുറ്റം ചുമത്തി കേസ്സ് എടുക്കുന്നതിനഭ്യർത്ഥിച്ചു കൊണ്ട് ബന്ധപ്പെട്ട പോലീസു സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരം follow up ചെയ്ത് കേസ്സ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അതു സംബന്ധിച്ച വിവരം മേലധികാരികളെയും സെല്ലിനെയും അറിയിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ സെൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാരിന്റെ ഇടപെടൽ ആവശ്യമായി വരുന്ന കേസുകളുണ്ടെങ്കിൽ അക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയിൽ സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കും ഭൂരഹിതരായവർക്ക് പതിച്ചു നൽകുന്നതിനും വേണ്ടി ഉപയോഗയുക്തമാക്കാൻ കഴിയുന്ന ഭൂമി അപ്രകാരം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ